# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 സെപ്റ്റംബർ 27 ചൊവ്വ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -274)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
|---|---|
| ഊർജ്ജ വകുപ്പുമന്ത്രി | : 300 മുതൽ 373 വരെ |
| പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി | : 374 മുതൽ 454 വരെ |
| വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി | : 455 മുതൽ 501 വരെ |
| വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി | : 502 മുതൽ 573 വരെ |

<u>സമ്പൂർണ്ണ വൈദ്യുതീകരണം</u>

300 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ എത്ര നിയോജക മണ്ഡലങ്ങളിലാണ് സമ്പൂർണ്ണ വൈദ്യുതീകരണം പ്രഖ്യാപിച്ചിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഏതെങ്കിലും നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണവൈ്യൂതീകരണം പ്രഖ്യാപിക്കുവാൻ സാധിച്ചിട്ടുണ്ടോ;

(സി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി തുടർന്നു കൊണ്ടുപോകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കേന്ദ്രപൂളില്‍ നിന്നുള്ള വൈദ്യുതി വിതരണം</u>

301 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
'' സണ്ണി ജോസഫ്
'' എം. പി. വിന്‍സെന്റ്
'' സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേന്ദ്രപൂളില്‍ നിന്നുള്ള വൈദ്യുതി ദക്ഷിണേന്ത്യന്‍ സംസ്ഥാനങ്ങളില്‍ വിതരണം ചെയ്യുന്നതിന് പവര്‍ഗ്രീഡ് കോര്‍പ്പറേഷന്‍ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങള്‍ എന്തെല്ലാമാണ്;

(സി) ഇങ്ങനെ ലഭിക്കുന്ന വൈദ്യുതി വിതരണം ചെയ്യുന്നതിനായി എന്തൊക്കെ നടപടികള്‍ എടുത്തിട്ടുണ്ട്;

(ഡി) കേന്ദ്രപൂളില്‍ നിന്നും എന്നു മുതല്‍ വൈദ്യുതി വാങ്ങുവാന്‍ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

അധിക സി. ഡി. പിരിക്കുന്നത് സംബന്ധിച്ച്

302 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക ഉപഭോക്താക്കളുടെ വൈദ്യുതി ബിൽ തുക രണ്ട് മാസം തുടർച്ചയായി വർദ്ധിച്ചാൽ പ്രസ്തുത ഉപഭോക്താക്കളിൽ നിന്നും അധിക സി. ഡി. പിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പുനഃപരിശോധിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

വൈദ്യുതി ഉല്പാദനവും വിതരണവും മെച്ചപ്പെടുത്തുന്നതിനുള്ള നടപടി

303 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനവും വിതരണവും മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പിലാക്കിയതും ഉടനെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നതുമായ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ നിലവിലുള്ള തടസ്സങ്ങൾ എന്തെല്ലാം; ഇവ എങ്ങനെ തരണം ചെയ്യാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ഗാർഹിക വൈദ്യുതി കണക്ഷൻ</u>

304 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗാർഹിക വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യകതമാക്കുമോ;

(ബി) ഓരോ സെക്ഷനിലും ഈ വിഭാഗത്തിൽ എത്ര കണക്ഷൻ നൽകാനുണ്ടെന്ന് കണ്ടെത്തി സമയബന്ധിതമായി കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) മലബാറിൽ ഇലക്ട്രിക് പോസ്റ്റുകളുടെ ക്ഷാമം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

വൈദ്യുത അപകടം തടയുവാൻ നടപടി

305 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുത അപകടം തടയുന്നതിനായി അടിയന്തിര നടപടി കൈകൊള്ളുന്നകാര്യം പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതിനായി സേഫ്റ്റി ഓഫീസർമാരെ നിയമിക്കുമോ ; എങ്കിൽ എത്രപേരെയെന്നും ഇവർ ഏതു റാങ്കിലുള്ള ഓഫീസർമാരായിരിക്കുമെന്നും ഇതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് എന്നും വ്യക്തമാക്കുമോ ;

(സി) ബോർഡിൽ പുതുതായി വർക്കർമാരായി നിയമിക്കപ്പെടുന്നവർക്ക് വിദ്യാഭ്യാസയോഗ്യത ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ഡി) ബോർഡിലെ കരാർ തൊഴിലാളികൾക്ക് ലൈനിലെ ജോലികളെ കുറിച്ച് പ്രത്യേകം പരിശീലനം നൽകുമോ ; വിശദാംശം ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>അതിരപ്പള്ളി ജലവൈദ്യുത പദ്ധതി</u>

306 ശ്രീ. മുല്ലക്കര രത്നാകരൻ
,, കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആതിരപ്പള്ളി ജലവൈദ്യുത പദ്ധതിയ്ക്ക് അനുമതി നൽകരുതെന്ന് പശ്ചിമഘട്ട മലനിരകളെപ്പറ്റി പഠിക്കാൻ കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച ഡോ.മാധവ് ഗാഡ്ഗിൽ സമിതി ശുപാർശ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിൽ ശുപാർശ ചെയ്യുന്നതിന് ഈ സമിതി കണ്ടെത്തിയ കാരണങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയ്ക്ക് അനുമതി നേടിയെടുക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ചെറുകിട വൈദ്യുത പദ്ധതികള്‍</u>

307 ശ്രീ. റ്റി. എന്‍. പ്രതാപന്‍
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്
,, എ. റ്റി. ജോര്‍ജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിന് ചെറുകിട വൈദ്യുത പദ്ധതികള്‍ ആവശ്യമുണ്ടെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കില്‍ ഇതിനായി ഏതെല്ലാം ചെറുകിട വൈദ്യുതി പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നത്;

(സി) ഈ ഗവണ്‍മെന്റ് അധികാരത്തില്‍ വന്നതിനുശേഷം ഇതിനായി എന്തൊക്കെ നടപടികളെടുത്തുവെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വൈദ്യുതി ബോർഡിന്റെ ആസ്തി - ബാദ്ധ്യതകൾ</u>

308 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ജോസഫ് വാഴക്കൻ
,, പി. സി. വിഷ്ണുനാഥ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് കമ്പനിവൽക്കരണത്തിന്റെ ഭാഗമായി വൈദ്യുതി ബോർഡിന്റെ ആസ്തി - ബാദ്ധ്യതകൾ കണക്കാക്കിയതിലെ പിഴവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പിഴവുകൾ എന്തൊക്കെയാണ്;

(ബി) പ്രസ്തുത പിഴവുകൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ബോർഡിന്റെ ഉടമസ്ഥതയിലുള്ള അന്യാധീനപ്പെട്ട സ്ഥലങ്ങൾ വീണ്ടെടുക്കുന്നതിന് ഉടൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>സ്മാർട്ട് സിറ്റി പദ്ധതിക്കുവേണ്ടി വൈദ്യുതിബോർഡ് നടത്താൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ</u>

309 ശ്രീ. ബെന്നി ബെഹനാൻ
'' വർക്കല കഹാർ
'' എ. റ്റി. ജോർജ്
'' എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട് സിറ്റി പദ്ധതിക്കുവേണ്ടി വൈദ്യുതിബോർഡ് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(ബി) പ്രസ്തുത പദ്ധതിക്ക് വൈദ്യുതിബോർഡ് നൽകിയ സ്ഥലത്ത് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്മാർട്ട്സിറ്റി അധികൃതർ എന്തെങ്കിലും പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ആയത് എങ്ങനെയാണ് പരിഹരിക്കാൻ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ആർ. ജി. ജി. വി. വൈ പദ്ധതി

310 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. ജി. ജി. വി.വൈ പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ എത്ര പഞ്ചായത്തുകളിൽ വൈദ്യുതീകരണം പൂർത്തിയായിട്ടുണ്ട്;

(ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ എത്ര പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട് ;

(സി) പയ്യന്നൂർ നിയോജകമണ്ഡലത്തിൽ ഈ പദ്ധതി പ്രകാരം ലഭിച്ച എത്ര അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകാനുണ്ട്; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>തളിപ്പറമ്പ നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണം</u>

311 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ നിയോജക മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്കായി നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ ;

(ബി) ഈ പദ്ധതിയിലൂടെ എത്ര പേർക്കാണ് പുതിയതായി വൈദ്യുതി കണക്ഷൻ നല്കാൻ ഉദ്ദേശിച്ചിരുന്നത് ;

(സി) ഇതിലേയ്ക്കായി എന്തു തുകയാണ് ആവശ്യമായിട്ടുള്ളത് ;

(ഡി) ഇതിലേയ്ക്കായി എം. എൽ. എ ഫണ്ട്, ബോർഡ് വിഹിതം, പഞ്ചായത്തു വിഹിതം എന്നിവയിലൂടെ എത്ര രൂപ സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ട് ;

(ഇ) ഇതിനോടകം എത്ര രൂപയുടെ പ്രവർത്തികൾ നടന്നിട്ടുണ്ട് ;

(എഫ്) സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി നടത്തിയ സർവ്വെയിൽ ഉൾപ്പെട്ടിട്ടുള്ളവർക്ക് മറ്റേതെങ്കിലും പദ്ധതിയനുസരിച്ച് വൈദ്യുതി കണക്ഷൻ നല്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര പേർക്ക് ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

നാദാപുരം നിയോജകമണ്ഡലത്തിലെ സമ്പൂര്‍ണ്ണ വൈദ്യുതീകരണ പദ്ധതി

312 ശ്രീ. ഇ.കെ. വിജയന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നാദാപുരം നിയോജക മണ്ലത്തിലെ സമ്പൂര്‍ണ്ണ വൈദ്യുതീകരണ പദ്ധതി എന്ന് പൂര്‍ത്തീകരിക്കാന്‍ കഴിയും എന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി പൂര്‍ത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങള്‍ ഉണ്ടെങ്കില്‍ ആയത് പരിഹരിക്കാന്‍ വേണ്ട നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ആലപ്പുഴ ജില്ലയുടെ സമ്പൂർണ്ണ വൈദ്യുതീകരണ പ്രഖ്യാപനം നടത്തിയത് സംബന്ധിച്ച കണക്ക്

313 ശ്രീ.എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയുടെ സമ്പൂർണ്ണ വൈദ്യുതീ കരണ പ്രഖ്യാപനം എരമല്ലൂരിൽ വച്ച് നടത്തിയതിന്റെ വരവ് ചെലവ് കണക്കുകൾ എത്രയാണ് ;

(ബി) വരവ് ചെലവ് കണക്ക് സ്വാഗതസംഘവും ഉദ്യോഗസ്ഥ സംഘവും അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ടോ ;

(സി) ആയത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ആറ്റിങ്ങൽ മണ്ഡലത്തിലെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി</u>

314

ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ നടപ്പിലാക്കിയ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി തുടർന്ന് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം ആറ്റിങ്ങൽ മണ്ഡലത്തിൽ എം.പി., എം.എൽ.എ., ആറ്റിങ്ങൽ നഗരസഭ, മറ്റ് പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ എന്നിവ എല്ലാം കൂടി എത്ര രൂപയുടെ വിഹിതം ബോർഡിൽ അടച്ചിട്ടുണ്ട്;

(സി) ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നില്ല എങ്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടച്ച തുക തിരികെ നൽകാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

കണ്ണൂർ ജില്ലയിൽ ആർ.ജി.ജി.വി. വൈ പദ്ധതി പ്രകാരമുള്ള വൈദ്യുതീകരണം

315 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

ആർ.ജി.ജി.വി. വൈ പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് വൈദ്യുതീകരിക്കുന്നതിന് തീരുമനിച്ചിട്ടുള്ളതെന്നും എത്ര സ്ഥലങ്ങളിൽ ഇതിനുള്ള പണി ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>മലബാർ മേഖലയിൽ രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന</u>

316 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജനയുടെ പ്രവർത്തനം മലബാർ മേഖലയിൽ തുടങ്ങിയിട്ടുണ്ടോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>തോട്ടപ്പള്ളിയിൽ വൈദ്യുതി സെക്ഷൻ ഓഫീസ്</u>

317 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളിയിൽ സ്ഥിതി ചെയ്യുന്ന വൈദ്യുതി ബോർഡിന്റെ ഓവർസിയർ ഓഫീസ് അവിടെ നിന്നും മാറ്റാൻ ചില ഉദ്യോഗസ്ഥർ ശ്രമിക്കുന്നതായുള്ള പ്രചരണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ ഓഫീസ് അവിടെത്തന്നെ നിലനിർത്തി, സെക്ഷൻ ഓഫീസായി ഉയർത്താൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ചടയമംഗലം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ്

318 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചടയമംഗലത്ത് അനുവദിച്ചിട്ടുള്ള ഇലക്ട്രിക്കൽ സെക്ഷൻ ആഫീസ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ആഫീസ് അടിയന്തിരമായി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>ന്യൂമാഹിയിൽ വൈദ്യുതി സെക്ഷൻ ആഫീസ്</u>

319 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി അസംബ്ലിമണ്ഡലത്തിലെ ന്യൂമാഹിയിൽ വൈദ്യുതി സെക്ഷൻ ആഫീസ് ആരംഭിക്കണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(സി) ന്യൂമാഹിയിൽ വൈദ്യുതി സെക്ഷൻ ഓഫീസ് എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

നെന്മാറ മണ്ഡലത്തിൽ പുതിയ സെക്ഷൻ ഓഫീസുകൾ

320 ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ അയിലൂർ, പല്ലശ്ശന പഞ്ചായത്തുകളിൽ സെക്ഷൻ ഓഫീസുകൾ ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുതിയ സെക്ഷൻ ഓഫീസുകൾ തുടങ്ങുന്നതിനുള്ള നിബന്ധനകൾ എന്തൊക്കെയാണ്;

(സി) അയിലൂർ, പല്ലശ്ശന പഞ്ചായത്തുകളിൽ പുതിയതായി സെക്ഷൻ ഓഫീസുകൾ തുടങ്ങുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>സെക്ഷൻ ഓഫീസുകൾ വിഭജിക്കാനുള്ള മാനദണ്ഡങ്ങൾ</u>

321 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ വിഭജിക്കാൻ നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ബി) കണ്ണൂർ ജില്ലയിൽ പാടിയോട്ടുചാൽ വൈദ്യുതി സെക്ഷൻ ഓഫീസ് വിഭജിക്കാനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ പ്രസ്തുത നിർദ്ദേശം എത്രയും പെട്ടെന്ന് നടപ്പിലാക്കി ജനങ്ങളുടെ ബുദ്ധിമുട്ടിന് പരിഹാരമുണ്ടാക്കുമോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>കൂട്ടിലങ്ങാടിയിൽ കെ. എസ്. ഇ. ബി. സെക്ഷൻ ഓഫീസ്</u>

322 ശ്രീ. ടി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ കുട്ടിലങ്ങാടിയിൽ പുതിയ കെ.എസ്. ഇ. ബി. സെക്ഷൻ ഓഫീസ് സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ട് പ്രദേശവാസികൾ സമർപ്പിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പുതിയ സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>മങ്കട പുഴക്കാട്ടിരിയിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്</u>

323

ശ്രീ. റ്റി. എ. അഹമ്മദ്കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിലെ പുഴക്കാട്ടിരിയിൽ പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് തുടങ്ങണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>കൊല്ലം ജില്ലയിലെ പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ</u>

324 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കെ.എസ്.ഇ.ബി. യുടെ പുതിയ സെക്ഷൻ ഓഫീസുകൾ അനുവദിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണ് അനുവദിച്ചിട്ടുളളത്;

(സി) പുതുതായി അനുവദിക്കുവാൻ പരിഗണിക്കപ്പെടുന്ന സ്ഥലങ്ങൾ ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>പറമ്പിൽപീടികയിൽ സെക്ഷൻ ഓഫീസ്
ആരംഭിക്കുന്നതിനു നടപടി</u>

325

ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് മണ്ഡലത്തിലെ പറമ്പിൽപീടിക കേന്ദ്രീകരിച്ച് ഒരു സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) അത്തരമൊരു നിർദ്ദേശം ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നോ ജനപ്രതിനിധികളിൽ നിന്നോ ലഭിച്ചിട്ടുണ്ടോ;

(സി) അടിയന്തിരമായി കെ.എസ്.ഇ.ബി. യുടെ പറമ്പിൽപീടിക സെക്ഷൻ ഓഫീസ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>മാങ്ങാട്ടു പറമ്പിൽ റ്റി.എം.ആർ. ഡിവിഷന്റെ പ്രവർത്തനം</u>

326 ശ്രീ. ജെയിംസ് മാത്യു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ മണ്ഡലത്തിലെ മാങ്ങാട്ടുപറമ്പിലാരംഭിച്ച കെ.എസ്.ഇ.ബി. റ്റി.എം.ആർ. ഡിവിഷൻ നാളിതുവരെയായിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേടുവന്ന ട്രാൻസ്ഫോർമറുകൾ കേടുപാടുകൾ തീർക്കുന്നതിന് നൂറുകണക്കിന് കി. മീറ്റർ അകലെയുള്ള ഷൊർണ്ണൂരിൽ മാത്രമേ സംവിധാനമുള്ളൂ എന്ന വസ്തുത കണക്കിലെടുത്ത് എത്രയും പെട്ടെന്ന് റ്റി.എം. ആർ. ഡിവിഷന്റെ പ്രവർത്തനം ആരംഭിക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>ചെറുവത്തൂർ ഡിവിഷൻ ഓഫീസ്</u>

327 ശ്രീ. കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

തൃക്കരിപ്പൂർ, പടന്ന, പീലിക്കോട്, കയ്യൂർ, നീലേശ്വരം, ഭീമനടി, നല്ലോംപുഴ എന്നീ സെക്ഷനുകളും, പീലിക്കോട്, നീലേശ്വരം എന്നീ സബ് ഡിവിഷനുകളും ഉൾപ്പെടുത്തി ചെറുവള്ളൂർ കേന്ദ്രീകരിച്ച് ഒരു ഡിവിഷൻ ഓഫീസ് ആരംഭിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>അപകടാവസ്ഥയിലുള്ള ഇലക്ട്രിക് പോസ്റ്റുകൾ</u>

328 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹൈവേയോട് ചേർന്ന് നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റുകൾ അപകടകരമായ വിധത്തിൽ റോഡിലേയ്ക്ക് ചരിഞ്ഞ് നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിൽ ഇലക്ട്രിക്കൽ പോസ്റ്റുകൾ മാറ്റുന്നതിനുള്ള നടപടി

329 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഏലത്തൂർ നിയോജക മണ്ഡലത്തിൽ കുരുവെട്ടൂർ ഗ്രാമപഞ്ചായത്തിലെ പൂളക്കടവ് റോഡിൽ സ്ഥിതിചെയ്യുന്ന ഇലക്ട്രിക്കൽ പോസ്റ്റുകൾ മാറ്റണമെന്നാവശ്യപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി</u>

330 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ മണ്ഡലത്തിൽ തോട്ടപ്പള്ളി ഒറ്റപ്പന-ആനന്ദേശ്വരം വരെയുള്ള 200 ഓളം വീടുകളിൽ വോൾട്ടേജ് ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്തെന്ന് വ്യക്തമാക്കുമോ;

(ബി) വോൾട്ടേജ്ക്ഷാമം പരിഹരിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പുതിയോട്ടിൽ കടവ് പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടി</u>

331 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ തലക്കുളത്തൂർ പഞ്ചായത്തിൽ പടന്നക്കളം പുതിയോട്ടിൽകടവ് പ്രദേശത്ത് വോൾട്ടേജ് ക്ഷാമം പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>പ്രസരണ നഷ്ടം ഒഴിവാക്കാൻ നടപടി</u>

332 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടുകളിലൂടെ കടന്നുപോകുന്ന വൈദ്യുതി ലൈനുകളിൽ പലവിധത്തിലും പ്രസരണ നഷടമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസരണ നഷ്ടം ഒഴിവാക്കാൻ വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(സി) പ്രവർത്തനശേഷി കുറയുന്ന ട്രാൻസ്ഫോർമറുകൾ നവീകരിക്കാൻ എന്തെങ്കിലും പദ്ധതികളുണ്ടോയെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പ്രസരണ നഷ്ടം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് ഇളവ്</u>

333

ശ്രീ. കെ. വി. അബ്ദുൾഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിസിറ്റി ആക്റ്റിൽ വൈദ്യുതി പ്രസരണ നഷ്ടം സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് ഇളവ് പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ;

(ബി) ഇത് സംസ്ഥാനത്തിന് ഗുണപരമാണോ; വ്യക്തമാക്കുമോ;

(സി) ഉപഭോഗം കൂടുന്ന സമയങ്ങളിൽ വൈദ്യുതി നിരക്കിൽ മാറ്റം വരുത്തുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പ്രസരണനഷ്ടം കുറയ്ക്കുവാൻ ബോധവൽക്കരണ നടപടി</u>

334 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

ഊർജ്ജ പ്രസരണനഷ്ടം ഗണ്യമായി കുറയ്ക്കുന്നതിനായി മണ്ഡലാടിസ്ഥാനത്തിൽ ബോധവൽക്കരണ പരിപാടി സംഘടിപ്പിക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

കുന്നംകുളം നിയോജജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ

335 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുന്നംകുളം നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന പഴഞ്ഞി, പെരിമ്പിലാവ്, കുണ്ടനൂർ, കുന്നംകുളം, കുന്നംകുളം ബിഗ്ബസാർ, കേച്ചേരി എന്നീ കെ.എസ്.ഇ.ബി സെക്ഷൻ ആഫീസുകളിലായി വൈദ്യുതികണക്ഷനുവേണ്ടി ലഭിച്ച അപേക്ഷകളിൽ ഇനി എത്ര പേർക്ക് കണക്ഷൻ നൽകാനുണ്ട്;

(ബി) ഇതിൽ ഗാർഹിക, കാർഷിക, വ്യവസായിക കണക്ഷൻ എത്ര വീതം ഓരോസെക്ഷൻ ആഫിസിനു കീഴിലും ഉണ്ട്;

(സി) ഇവ കൊടുത്തു തീർക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>കേളകത്ത് 66 കെ. വി സബ് സ്റ്റേഷൻ</u>

336 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പേരാവൂർ നിയോജകമണ്ഡലത്തിലെ കേളകം, കണിച്ചാർ, കൊട്ടിയൂർ എന്നീ മൂന്ന് പഞ്ചായത്തുകളിലെ വൈദ്യുതി ഉപഭോക്താക്കൾക്കായി കേളകത്ത് 66 കെ.വി. സബ്സ്റ്റേഷൻ പണിയുന്നതിനുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>പേരാമ്പ്ര 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണം</u>

337 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര 33 കെ. വി. സബ്സ്റ്റേഷൻ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സബ്സ്റ്റേഷൻ നിർമ്മാണത്തിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) ഇല്ലെങ്കിൽ നിർമ്മാണം എപ്പോൾ പൂർത്തീകരിക്കും എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ദേശമംഗലം ആറങ്ങോട്ടുകരയിലെ 110 കെ. വി. സബ് സ്റ്റേഷൻ നിർമ്മാണം

338 ശ്രീ. കെ.രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ദേശമംഗലം - ആറങ്ങോട്ടുകരയിലെ നിർദ്ദിഷ്ട 110 കെ.വി. സബ് സ്റ്റേഷന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

ബി) സബ് സേറ്റഷന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത സബ് സ്റ്റേഷന്റെ നിർമ്മാണം സമയബന്ധിതമായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>പരവൂരിൽ 66 കെ. വി. സബ് സ്റ്റേഷൻ നിർമ്മിക്കുന്നതിനുള്ള നടപടി</u>

339 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരവൂരിൽ പണി ആരംഭിച്ചിട്ടുള്ള 33 കെ.വി സബ്സ്റ്റേഷൻ 66 കെ.വി സബ്സ്റ്റേഷനായി ഉയർത്തി നിർമ്മാണം തുടരണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ;

(ബി) എങ്കിൽനിവേദനത്തിൽപ്പറയുന്ന കാര്യങ്ങൾ പരിശോധനക്ക് വിധേയമാക്കിയോ എന്നും അതിൻപ്രകാരം എന്ത് നടപടികൾ സ്വീകരിച്ചുവെന്നും അറിയിക്കുമോ;

(സി) പരവൂരിൽ നിർമ്മാണത്തിലിരിക്കുന്ന സബ്സ്റ്റേഷന്റെ പ്രവർത്തന പുരോഗതി അറിയിക്കുമോ?

## കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

അണ്ടർ ഗ്രൗണ്ട് കേബിൾ ഇടുന്നതിനും വൈദ്യുതീകരണത്തിനും അനുമതി

340 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഫോറസ്റ്റ് അധികൃതരുടെ അനുമതി ലഭ്യമാക്കുന്നതിനും മുള്ളേരിയ, കുറ്റിക്കോൽ സെക്ഷന്റെ കീഴിൽ വരുന്ന പ്രദേശങ്ങളിൽ അണ്ടർഗ്രൗണ്ട് കേബിൾ ഇടുന്നതിനും ചെങ്ങറ പുനരധിവാസ കേന്ദ്രമായ കാലിയടുക്കം പ്രദേശം വൈദ്യുതീകരിക്കുന്നതിനും ആർ. ജി. ജി. വി. വൈ. സ്കീമിൽ ഉൾപ്പെടുത്തി അനുമതി നൽകണമെന്നാവശ്യപ്പെട്ട് കാസർഗോഡ് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ വൈദ്യുതി ബോർഡിന് അപേക്ഷ സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ഊര്‍ജ്ജനയത്തിന് രൂപം കൊടുക്കാന്‍ നടപടി

341 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കേരളത്തിലെ വൈദ്യുതിക്ഷാമം പരിഹരിക്കാന്‍ ചെലവുകുറഞ്ഞ ജലവൈദ്യുത പദ്ധതികള്‍ക്ക് ഊന്നല്‍ നല്‍കിക്കൊണ്ടുള്ള ഊര്‍ജ്ജ നയത്തിന് രൂപം കൊടുക്കാന്‍ തയ്യാറാകുമോ;

(ബി) കേന്ദ്രാനുമതി നിഷേധിച്ച ജലവൈദ്യുതി പദ്ധതികള്‍ക്ക് അനുമതി നേടിയെടുക്കാന്‍ പ്രത്യേക പദ്ധതികള്‍ ആവിഷ്ക്കരിച്ച് നടപ്പിലാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കില്‍ ആയതിന്റെ വിശദാംശങ്ങള്‍ നല്‍കുമോ;

(സി) ഇത് സംബന്ധിച്ച് സര്‍വ്വകക്ഷിയോഗം വിളിച്ചുചേര്‍ത്ത് അനന്തര നടപടികള്‍ സ്വീകരിക്കുവാന്‍ തയ്യാറാകുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വൈദ്യുതി രംഗത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള യോഗം</u>

342 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലത്തിലെ വൈദ്യുതി രംഗത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിൽ എം. എൽ. എ. മാർ അദ്ധ്യക്ഷന്മാരായി യോഗം വിളിച്ചുചേർക്കുന്നത് സംബന്ധിച്ച് ഉത്തരവായത് എന്നാണ്; ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഏതൊക്കെ മണ്ഡലങ്ങളിലെ യോഗമാണ് ഇതിനോടകം ചേർന്നിട്ടുള്ളത്;

(സി) മറ്റു സ്ഥലങ്ങളിൽ യോഗം വിളിച്ചുചേർക്കാൻ കഴിയാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ;

(ഡി) യോഗം വിളിച്ചുകൂട്ടുന്നതിന്റെ ചുമതല ആർക്കാണ്; ആരൊക്കെയാണ് ഈ യോഗത്തിൽ പങ്കെടുക്കേണ്ടത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ബാരാപ്പോൾ ജലവൈദ്യുത പദ്ധതി</u>

343 ശ്രീ. സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പേരാവൂർ നിയോജകമണ്ഡലത്തിലെ ബാരാപ്പോൾ ജലവൈദ്യുത പദ്ധതി പൂർത്തീകരിക്കുവാൻ നിശ്ചയിച്ചിട്ടുളള കാലാവധി ഏതുവരെയാണ്;

(ബി) സമയബന്ധിതമായി പദ്ധതി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആയത് പരിഹരിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വൈദ്യുതി ലൈനിലെ അറ്റകുറ്റപ്പണികൾക്കിടയിലെ അപകട മരണം</u>

344 ശ്രീമതി.പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ലൈനുകളുടെ അറ്റകുറ്റപ്പണികൾക്കിടെ അപകടത്തിൽപ്പെടുന്നവരുടെ എണ്ണം ദിനംപ്രതി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം അപകടങ്ങളുടെ കാരണമെന്താണെന്നുള്ളതിന്റെ അന്വേഷണം നിക്ഷ്പക്ഷമായ രീതിയിൽ നടത്തുന്നതിന് എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത് ;

(സി) ഇപ്രകാരം അപകടത്തിൽപ്പെട്ട് മരിക്കുന്നവർക്കും ഗുരുതരമായി പരിക്കേൽക്കുന്നവർക്കും എത്ര രൂപയാണ് നഷ്ടപരിഹാരമായി നൽകുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

വടകര സബ് സ്റ്റേഷനിലെ വൈദ്യുതി വിതരണം

345 ശ്രീ. സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വടകരയിലെ 220 കെ.വി. സബ് സ്റ്റേഷനിൽ നിന്നും ഏതെല്ലാം പഞ്ചായത്തുകളിലാണ് പുതുതായി ട്രാൻസ്ഫോമറുകൾ സ്ഥാപിച്ച് മെച്ചപ്പെട്ട നിലയിൽ വൈദ്യുതി വിതരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഭാവിയിൽ ചെറുകിട വ്യവസായ മേഖലയ്ക്ക് വൈദ്യുതി വിതരണം ചെയ്യാനാവശ്യമായ സംവിധാനങ്ങൾ ഈ സബ്സ്റ്റേഷനിൽ നിന്നും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ചങ്ങനാശ്ശേരിയിലെ ഊർജ്ജ വികസന പദ്ധതി

346 ശ്രീ. സി.എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മുനിസിപ്പൽ ടൗണിൽ നടപ്പിലാക്കുന്ന ഊർജ്ജിത ഊർജ്ജവികസന പദ്ധതിയിൽ എന്തെല്ലാം ജോലികളാണ് നടക്കുന്നത് ;

(ബി) ചങ്ങനാശേരി ടൗണിലെ പ്രസ്തുത ജോലികൾ എന്നത്തേക്കു പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പദ്ധതി പൂർത്തിയാകുമ്പോൾ ജനങ്ങൾക്ക് കൂടുതലായി കിട്ടുന്ന പ്രയോജനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

തുറവൂർ കെ.എസ്.ഇ.ബി. ഓഫീസിന്റെ ശോചനീയാവസ്ഥ

347 ശ്രീ. ജോസ് തെറ്റയിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അങ്കമാലി നിയോജകമണ്ഡലത്തിൽ തുറവൂർ ഗ്രാമപഞ്ചായത്തിലെ കെ.എസ്.ഇ.ബി. ഓഫീസിന്റെ ശോചനീയാവസ്ഥ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) എങ്കിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>നെയ്യാറ്റിൻകര മണ്ഡലത്തിലെ വൈദ്യുത പ്രവൃത്തികൾ</u>

348 ശ്രീ. ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യത്തിന്
**ഊർജ്ജ വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

നൂറുദിന കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തി നെയ്യാറ്റിൻകര മണ്ഡലത്തിൽ പൂർത്തിയാക്കിയതും ഇപ്പോൾ നടന്നു വരുന്നതുമായ വൈദ്യുത മേഖലയിലെ പ്രവർത്തികൾ ഏതെല്ലാമാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>ചീമേനിയിൽ വൈദ്യുതി നിലയം</u>

349 ശ്രീ.ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ വൈദ്യുതി നിലയം സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവിടെ വൈദ്യുതി ഉല്പാദനത്തിൽ ഏത് അസംസ്കൃത വസ്തുവാണ് ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ;

(സി) വൈദ്യുതി നിലയം സ്ഥാപിക്കുന്നതിന് എത്ര ചെലവാണ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വൈദ്യുതി നിരക്ക് വര്‍ദ്ധന</u>

350 ശ്രീ. മുല്ലക്കര രത്നാകരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

വൈദ്യുതി നിരക്കില്‍ വര്‍ദ്ധനവ് ഏര്‍പ്പെടുത്താന്‍ സര്‍ക്കാര്‍ ആലോചിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വൈദ്യുതി ചാർജ്ജ് വർദ്ധന</u>

351 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുന്നകാര്യം പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ ഏത് തരത്തിൽ, എന്ന് മുതൽ നടപ്പിൽ വരും എന്ന് വ്യക്തമാക്കുമോ;

(ബി) പോസ്റ്റ് ഇല്ലാത്തതുമൂലം വൈദ്യുതി കണക്ഷൻ ലഭിക്കാത്ത എത്ര അപേക്ഷകരുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) പോസ്റ്റിന്റെ ക്ഷാമം പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വഴിവിളക്കുകൾക്ക് അമിത വൈദ്യുതി ചാർജ്</u>

352

ശ്രീ. മോൻസ് ജോസഫ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വഴിവിളക്കുകൾക്ക് വൈദ്യുതി ചാർജ് ഈടാക്കുന്നതിന് മീറ്റർ ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) വഴിവിളക്കുകൾക്ക് അമിത ചാർജ് ഈടാക്കുന്നതായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച് കെ.എസ്.ഇ.ബി. പഠനം നടത്തിയിട്ടുണ്ടോ;

(സി) വഴിവിളക്കുകളുടെ ചാർജ് ഇനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കണക്ക് നൽകാമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കെ.എസ്.ഇ.ബി ക്ക് കിട്ടാനുള്ള കുടിശ്ശിക</u>

353 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി ക്ക് കിട്ടാനുള്ള കുടിശ്ശിക എത്രയാണെന്നും ഇത് ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നുമാണെന്നും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(ബി) ഈ കുടിശ്ശിക പിരിച്ചെടുക്കുന്നതിന് കെ.എസ്.ഇ.ബി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിന്റെ വിശദാംശംവെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

തെരുവുവിളക്കുകള്‍ പ്രകാശിപ്പിക്കുന്നതിനു നടപടി

354 ശ്രീ. എം. വി. ശ്രേയാംസ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നഗരസഭാ പ്രദേശങ്ങളില്‍ തെരുവുവിളക്കുകള്‍ പ്രകാശിപ്പിക്കുന്നതും അണയ്ക്കുന്നതും സംബന്ധിച്ച് കെ.എസ്.ഇ.ബി.യുടെ നിലപാട് എന്താണെന്ന് വിശദമാക്കുമോ;

(ബി) കുറച്ചു നാളുകളായി രാത്രിസമയത്ത് കല്‍പ്പറ്റ നഗരസഭയുടെ പരിധിയിലുള്ള പ്രദേശങ്ങളില്‍ തെരുവു വിളക്കുകള്‍ പ്രകാശിപ്പിക്കുന്നില്ലായെന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) കല്‍പ്പറ്റ നഗരസഭയുടെ പ്രദേശങ്ങളിലും നഗരത്തിലും ആവശ്യത്തിനു തെരുവുവിളക്കുകള്‍ സ്ഥാപിക്കുന്നതിനും അവ യഥാസമയം പ്രവര്‍ത്തനക്ഷമമാക്കുന്നതിനുമുള്ള നടപടികള്‍ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

ഈ മഴക്കാലത്ത് സംസ്ഥാനത്തെ ജലസംഭരണികളിലെ ജലനരിപ്പ്

355 ശ്രീ.റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ മഴക്കാലത്ത് സംസ്ഥാനത്തെ ജലസംഭരണികളിലെ ജലനിരപ്പിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് എത്രയെന്ന് വിശദമാക്കുമോ ;

(ബി) ജലനിരപ്പ് ഉയർന്നതിനാൽ വൈദ്യുതി ഉല്പാദനത്തിൽ എത്ര മാത്രം വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ അക്കണക്കെട്ടുകളുടെ സമീപം ലഭിച്ച മഴയുടെ തോത് എത്രയെന്ന് വിശദമാക്കുമോ ;

(ഡി) ഈ ജലസംഭരണികളിൽ ഇപ്പോൾ എത്ര ദിവസത്തെ ഉപഭോഗത്തിനുള്ള വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള വെള്ളം ഉണ്ടെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

**അനര്‍ട്ടിന്റെ ഉല്പന്നങ്ങള്‍ വില്‍ക്കുന്നതിനുള്ള അക്ഷയ മാര്‍ക്കറ്റുകള്‍**

356 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, പി. എ. മാധവന്‍
,, എം. പി. വിന്‍സെന്റ്
,, ഹൈബി ഈഡന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) അനര്‍ട്ടിന്റെ ഉല്പന്നങ്ങള്‍ ജനങ്ങളിലെത്തിക്കാന്‍ എന്തെല്ലാം മാര്‍ഗ്ഗങ്ങളാണ് പരിഗണനയിലുള്ളത്;

(ബി) ഈ ഉല്പന്നങ്ങള്‍ വിപണിയിലെത്തിക്കാന്‍ അക്ഷയ മാര്‍ക്കറ്റുകള്‍ തുടങ്ങുന്ന കാര്യം ആലോചിച്ചിട്ടുണ്ടോ;

(സി) എങ്കില്‍ ഇത്തരം മാര്‍ക്കറ്റുകള്‍ സംസ്ഥാനത്ത് എവിടെയെല്ലാമാണ് ആരംഭിക്കാന്‍ ഉദ്ദേശിക്കുന്നത്;

(ഡി) അനര്‍ട്ട് ഉല്പന്നങ്ങളെക്കുറിച്ച് ഗുണഭോക്താക്കളെ ബോധവല്‍ക്കരിക്കുന്നതിന് നടപടികള്‍ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി

357 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പരവൂർ നഗരസഭയിലും പൂതക്കുളം, ചിറക്കര, ചാത്തന്നൂർ, കല്ലുവാതുക്കൽ, അദിച്ചനെല്ലൂർ പൂയപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളിലും ഉൾപ്പെട്ട ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിലും, ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസുകളിലുമായി എത്ര അനുവദനീയ തസ്തികകളുടെ ഒഴിവുണ്ടെന്ന് ഇലക്ട്രിക്കൽ സെക്ഷൻ അടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) പ്രസ്തുത തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നതുമൂലം ബന്ധപ്പെട്ട ഇലക്ട്രിക്കൽ സെക്ഷനുകളുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ലായെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇതുമായി ബന്ധപ്പെട്ടു നൽകിയ നിവേദനത്തിന്മേൽ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) താൽക്കാലിക പരിഹാരമെന്ന നിലയിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുവാൻ സന്നദ്ധമാകുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതി

358 ശ്രീ. എം.വി. ശ്രേയാംസ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ അഞ്ചു വർഷത്തിനിടയിൽ പൂർത്തിയാക്കിയ വൈദ്യുത പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ബാണാസുരസാഗർ ഹൈഡൽ ടൂറിസം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ട് ലഭ്യമാക്കുമോ;

(സി) ബാണാസുരസാഗർ അണക്കെട്ടിനു സമീപത്തെ പാർക്ക് നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>പെരിങ്ങൽകുത്തിലെ ടൂറിസം വികസനം</u>

359 ശ്രീ. ബി. ഡി. ദേവസി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പെരിങ്ങൽകുത്തിലെ അനുകൂലമായ ഭൗതീക സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തി വിനോദസഞ്ചാരികളെ ആകർഷിക്കുന്നതരത്തിൽ മലമ്പുഴ ഉദ്യാനത്തിനു സമാനമായ ഉദ്യാനവും ഹൈഡൽ ടൂറിസത്തിന്റെ ഭാഗമായുള്ള ബോട്ടിംഗും ആവിഷ്ക്കരിച്ച് നടപ്പിലാക്കുമോ ;

(ബി) പെരിങ്ങൽകുത്തിൽ ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്ന ക്വാർട്ടേഴ്സുകൾ നവീകരിച്ച് വിനോദസഞ്ചാരികൾക്ക് ഉപകാരപ്രദമായ രീതിയിൽ താമസ സൗകര്യമൊരുക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

റെയിൽവേ പദ്ധതികൾ

360 ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ആവശ്യപ്പെട്ട ഏതെല്ലാം റെയിൽവേ പദ്ധതികൾക്കാണ് കേന്ദ്രാനുമതി ലഭിക്കുവാൻ ബാക്കിയുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രാനുമതി ലഭിച്ച് പ്രവർത്തി ആരംഭിക്കാത്ത പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>വികസന കാര്യത്തിൽ റെയിൽവേയുടെ അലംഭാവം</u>

361 ശ്രീ. വി. ചെന്താമരാക്ഷൻ
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. പി. റ്റി. എ. റഹീം
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ റെയിൽപ്പാത ഇരട്ടിപ്പിക്കലടക്കം വികസന കാര്യത്തിൽ റെയിൽവേ അലംഭാവം കാണിക്കുന്നതായി കരുതുന്നുണ്ടോ;

(ബി) പാലക്കാട് കോച്ച് ഫാക്ടറി അനുവദിക്കുന്നത് സംബന്ധിച്ച പ്രഖ്യാപനം പ്രാവർത്തികമാക്കുന്നത് എന്നത്തേക്ക് സാദ്ധ്യമാകുമെന്നാണ് കരുതുന്നത്;

(സി) കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ റെയിൽ സർവ്വേകൾ, പുതിയ തീവണ്ടികളുടെ പ്രഖ്യാപനം തുടങ്ങിയവയുടെ നടത്തിപ്പും പുരോഗതിയും വിശദമാക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ റയിൽവേ</u>

362 ശ്രീ. ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, എ.റ്റി. ജോർജ്
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റയിൽവേയുടെ അനുബന്ധ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) അനുബന്ധ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ പദ്ധതി</u>

363 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി. ഡി. സതീശൻ
,, ടി. എൻ. പ്രതാപൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ പദ്ധതി നടപ്പാക്കുന്നതിൽ ആസൂത്രണ കമ്മീഷന്റെ നിലപാട് എന്തായിരുന്നു;

(ബി) ആസ്ത്രണ കമ്മീഷന്റെ മുൻ നിലപാടിൽ മാറ്റം വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി എത്രകോടി രൂപ ബഡ്ജറ്റിൽ നീക്കി വച്ചിട്ടുണ്ട്;

(ഡി) ആയത് നടപ്പിലാക്കാനുള്ള കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>തെക്ക് - വടക്ക് അതിവേഗ റെയിൽ ഇടനാഴി</u>

364 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, വി.ഡി. സതീശൻ
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ തെക്ക് - വടക്ക് അതിവേഗ റെയിൽ ഇടനാഴി ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ആയത് എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

മോണോറെയിൽ പദ്ധതി

365 ശ്രീ.ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നിർദ്ദിഷ്ട മോണോറെയിൽ പദ്ധതി എവിടെ നിന്ന് ആരംഭിച്ച് എവിടെ അവസാനിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത് ;

(ബി) തിരുവനന്തപുരം നഗരം കഴിഞ്ഞാൽ ഏറ്റവും അധികം വികസിച്ചുകൊണ്ടിരിക്കുന്നതും ഗതാഗത കുരുക്കിനാൽ വീർപ്പുമുട്ടുകയും ചെയ്യുന്ന ആറ്റിങ്ങൽ പട്ടണം പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ഡി) പ്രസ്തുത പദ്ധതി സംബന്ധിച്ച് പഠനം നടത്തുന്ന ഏജൻസി ഏതാണ് ; വകുപ്പ് ഏതാണ് ; വിശദമാക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

റെയിൽവേ ലെവൽക്രോസുകളിൽ കാവൽക്കാരുടെ നിയമനം

366 ശ്രീ. ഹൈബി ഈഡൻ
,, വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ ലെവൽക്രോസ്സുകളിൽ കാവൽക്കാർ ഇല്ലാത്തതുമൂലം അപകടങ്ങൾ ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ലെവൽക്രോസുകളിൽ കാവൽക്കാരെ നിയമിക്കുവാൻ റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുമോ;

(സി) കാവൽക്കാരില്ലാത്ത ലെവൽക്രോസുകളിൽ കാവൽക്കാരെ നിയമിക്കാൻ റയിൽവേ നടപടി എടുത്തിട്ടുളളതായി സംസ്ഥാനസർക്കാരിനെ അറിയിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>തീവണ്ടികൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നത് സംബന്ധിച്ച്</u>

367 ശ്രീ. സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതെല്ലാം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് തീവണ്ടികൾക്ക് സ്റ്റോപ്പ് അനുവദിക്കുന്നതെന്ന് അറിയാമോ;

(ബി) ഒരു റെയിൽവെ സ്റ്റേഷനിലെ ദിവസവരുമാനം തീവണ്ടികൾക്ക് സ്റ്റോപ്പ് അനുവദിക്കുന്ന കാര്യത്തിൽ പരിഗണിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെടുമോ;

(സി) പാലക്കാട് നിന്നാരംഭിക്കുന്ന ഇന്റർസിറ്റിക്ക് വടകര സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിച്ചു കിട്ടാത്തത് എന്തുകൊണ്ടാണെന്ന് അറിയാമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>തീവണ്ടികളിലെ റിസർവേഷൻ</u>

368 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഓണക്കാലം ഉൾപ്പെടെയുള്ള വിശേഷാൽ ദിവസങ്ങളിൽ അന്യസംസ്ഥാന മലയാളികൾക്ക് നാട്ടിൽ വരാനും പോകാനും തീവണ്ടികളിൽ റിസർവേഷൻ സൗകര്യം കുറവാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ബാംഗ്ലൂർ, മുംബൈ, ചെന്നൈ, ഹൈദരാബാദ്, മംഗലാപുരം എന്നിവിടങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള എല്ലാ തീവണ്ടികളിലും മാസങ്ങൾക്ക് മുൻപ് തന്നെ റിസർവേഷൻ സീറ്റുകളുടെ ബുക്കിംഗ് തീർന്നുപോകുന്ന അവസ്ഥയിൽ ഈ പ്രശ്നം റെയിൽവേ അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 27.09.2011-ലെ മറുപടിക്ക്

<u>പരവൂർ റെയിൽവേ സ്റ്റേഷൻ പരിസരത്തെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ</u>

369 **ശ്രീ.ജി. എസ്. ജയലാൽ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പരവൂർ റെയിൽവേ സ്റ്റേഷൻ പരിസരത്ത് കൊലപാതകം ഉൾപ്പെടെയുള്ള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ തുടർച്ചയായി നടക്കുന്നുവെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത റെയിൽവേസ്റ്റേഷൻ പരിസരത്തും റെയിൽവേ വക വസ്തുവിലും ഉള്ള കുറ്റിക്കാടുകളും, ചെടികളും വെട്ടി വൃത്തിയാക്കണമെന്ന് ആവശ്യപ്പെട്ട് നിവേദനം ലഭിച്ചിരുന്നുവോ ; എങ്കിൽ അതിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

കൊട്ടാരക്കര റെയിൽവേ സ്റ്റേഷനിലെ അടിസ്ഥാന സൗകര്യങ്ങൾ

370 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര റെയിൽവേ സ്റ്റേഷനിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് റെയിൽവേ മന്ത്രാലയത്തിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത സ്റ്റേഷനിൽ സ്ത്രീകൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുപോലും സൗകര്യങ്ങൾ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സൗകര്യങ്ങൾ സജ്ജമാക്കുന്നതിന് സംസ്ഥാന സർക്കാർകൂടി മുൻകൈയെടുത്ത് നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

ലെവൽ ക്രോസ്സുകളിലെ പണി പൂർത്തിയാകാത്ത മേൽപ്പാലങ്ങൾ

371 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജവകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നിരവധി ലെവൽക്രോസ്സുകളിൽ പൂർത്തിയാക്കാത്ത റെയിൽവേപ്പാലങ്ങൾ ഉണ്ടെന്നുളള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത മേൽപ്പാലങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരത്തിൽ സമയബന്ധിതമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്നുളള വിവരം വിശദമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

<u>കൊച്ചി മെട്രോ റെയിൽ അനുബന്ധ പദ്ധതികൾ</u>

372 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോ റെയിൽ അനുബന്ധ പദ്ധതികൾ എന്തൊക്കെയാണെന്നും എസ്റ്റിമേറ്റ് തുക എത്ര വീതമാണെന്നും വ്യക്തമാക്കുമോ;

(ബി) മെട്രോ റെയിൽ അനുബന്ധ പദ്ധതികൾ എന്ന നിലയിൽ ഏതെല്ലാം പദ്ധതികൾക്കാണ് നിർമ്മാണ ഉദ്ഘാടനം നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) നിർമ്മാണം ഉദ്ഘാടനം ചെയ്ത ഏതെല്ലാം പദ്ധതികൾക്ക് ഭരണാനുമതിയും സാങ്കേതിക അനുമതിയും നൽകിയിട്ടുണ്ട്;

(ഡി) ഇതിൽ ടെണ്ടർ വിളിച്ച് വർക്ക് അവാർഡ് ചെയ്തവ ഏതെല്ലാമാണ് എന്നും ഓരോ വർക്കിന്റെയും കാര്യത്തിൽ, ടെണ്ടർ തുക, കോൺട്രാക്ടർ എസ്റ്റിമേറ്റിനേക്കാൾ ഉയർന്ന തുക ആയിട്ടുണ്ടെങ്കിൽ അത് തുടങ്ങിയവ സംബന്ധിച്ച വിശദാംശങ്ങളും വെളിപ്പെടുത്തുമോ;

(ഇ) അനുബന്ധ പദ്ധതികളുടെ ഉദ്ഘാടന പരിപാടിയിൽ എത്ര മന്ത്രിമാർ പങ്കെടുക്കുകയുണ്ടായിയെന്നും പരിപാടി സംഘടിപ്പിക്കുന്നതിന് ആകെ എന്തുതുക ചെലവായിട്ടുണ്ടെന്നും ഏത് വകുപ്പ് വഴിയാണ് ചെലവുകളെല്ലാം വഹിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ?

# കേരള നിയമസഭ
## 27.09.2011-ലെ മറുപടിക്ക്

എറണാകുളം ആലപ്പുഴ കായംകുളം തീരദേശപാത ഇരട്ടിപ്പിക്കൽ

373 ശ്രീ. സി.കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എറണാകുളം- ആലപ്പുഴ -കായംകുളം തീരദേശപാത ഇരട്ടിപ്പിക്കലിനായി 2006-11 കാലയളവിൽ എത്ര കിലോമീറ്റർ സ്ഥലം ഏറ്റെടുക്കുകയുണ്ടായെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എത്ര കിലോമീറ്റർ പാത ഇരട്ടിപ്പിക്കൽ പൂർത്തിയായിട്ടുണ്ട്; എവിടംമുതൽ എവിടെവരെ;

(സി) എത്ര കിലോമീറ്റർ വൈദ്യുതീകരണം പൂർത്തീയായിട്ടുണ്ട്; ഇനി എത്ര കിലോമീറ്റർ ബാക്കിയുണ്ട്;

9ഡി) ഇനി എത്ര കിലോമീറ്റർ സ്ഥലം ഏറ്റെടുക്കാനുണ്ട്; അതു എവിടം മുതൽ എവിടെവരെയെന്ന് അറിയിക്കുമോ?